# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2096 — 11.06.2018 ൽ മറുപടിക്ക്

## ഇരിങ്ങാലക്കുട ചെട്ടിപ്പറമ്പ് വിജയന്റെ കൊലപാതകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അടൂർ പ്രകാശ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഗുണ്ടാസംഘങ്ങളുടെയും അക്രമിസംഘങ്ങളുടെയും പ്രവർത്തനം സംസ്ഥാനത്തെ ക്രമസമാധാന നിലയെ എപ്രകാരമാണ് ബാധിച്ചതെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങളുടെയോ അക്രമിസംഘങ്ങളുടെയോ പ്രവർത്തനങ്ങൾ വ്യാപിച്ചിട്ടില്ലാത്തതും സംസ്ഥാനത്തെ ക്രമസമാധാനനിലയെ ബാധിച്ചിട്ടില്ലാത്തതുമാണ്. ഗുണ്ടാസംഘങ്ങളിലും അക്രമിസംഘങ്ങളിലും പ്രവർത്തിക്കുന്നവർക്കെതിരെ സി.ആർ.പി.സി 107, കാപ്പാ എന്നീ നിയമങ്ങൾ പ്രകാരമുള്ള കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) ഇരിങ്ങാലക്കുട ചെട്ടിപ്പറമ്പ് കനാൽ ബേസിൽ താമസിക്കുന്ന വിജയൻ എന്ന ആളെ മേയ് 26 ന് അർദ്ധ രാത്രി അക്രമി സംഘം വീട്ടിൽക്കയറി വെട്ടിക്കൊലപ്പെടുത്തിയ കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; | (ബി) ഇരിങ്ങാലക്കുട ചെട്ടിപ്പറമ്പ് കനാൽ ബേസിൽ താമസിക്കുന്ന വിജയൻ എന്ന ആളെ മേയ് 26-ാം തീയതി അർദ്ധരാത്രി അക്രമിസംഘം വീട്ടിൽക്കയറി വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ ടിയാന്റെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ ക്രൈം നം.413/18 U/s 143, 147, 148, 323, 324, 326, 307, 450, 302, 149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. ഈ കേസ്സിൽ ഒരു JCL(Juvanile Conflict with Law)ഉൾപ്പെടെ 8 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും 7 പേരെ ഇരിങ്ങാലക്കുട സബ് ജയിലിലും, കേസ്സിലുൾപ്പെട്ട JCL നെ ബഹു.പ്രിൻസിപ്പൽ |

മജിസ്ട്രേറ്റ് ആൻഡ് ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ടിയാനെ തൃശ്ശൂർ ഒബ്സർവേഷൻ ഹോമിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

| | |
|---|---|
| (സി) വിജയന്റെ മകനെ തേടി വന്ന അക്രമി സംഘം നിരപരാധിയായ അച്ഛനെ വീട്ടിൽ കയറി വെട്ടിക്കൊലപ്പെടുത്തുകയും കുടുംബാംഗങ്ങളായ സ്ത്രീകളെ മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്ത സാഹചര്യം സംസ്ഥാനത്ത് എന്തുകൊണ്ടാണ് സംജാതമായതെന്ന് അന്വേഷിച്ച് കുറ്റവാളികളെ അറസ്റ്റ് ചെയ്ത് മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇക്കാര്യത്തിന് കേസ്സ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും സംശയിക്കപ്പെടുന്ന മൂന്നുപേരെ അറസ്റ്റ് ചെയ്യുന്നതിന് വേണ്ട നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ